LIBRARY ARCHIVES Kerala Legislative Assembly

സ്വകാര്യ ഫാർമസിസ്റ്റുകളുടെ മിനിമം വേതനം

60 (2638) ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വകാര്യ മേഖലയിലെ ഫാർമസിസ്റ്റുകൾക്ക് എപ്പോഴാണ് അവസാനമായി മിനിമം വേതനം പുതുക്കി നിശ്ചയിച്ചിരുന്നത് ;

(ബി) ഈ മേഖലയിൽ കേരളത്തിൽ എത്ര പേർ ജോലി ചെയ്യുന്നു എന്നാണ് കണക്കാക്കിയിട്ടുള്ളത് ;

(സി) പ്രസ്തുത തൊഴിലാളികളുടെ മിനിമം വേതനം പുതുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ എപ്പോൾ ; വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) 1991-ൽ

(ബി) ഈ മേഖലയിൽ ജോലി ചെയ്യുന്നവരുടെ കൃത്യമായ എണ്ണം കണക്കാക്കപ്പെട്ടിട്ടില്ല.

(സി) സംസ്ഥാനത്തെ മെഡിക്കൽ ഷോപ്പുകളിലെ ഫാർമസിസ്റ്റുകൾ ഉൾപ്പെടെയുള്ള ജീവനക്കാരുടെ മിനിമം വേജസ് പുതുക്കി നിശ്ചയിക്കുന്നതിന് ഒരു മിനിമം വേതനക്കമ്മിറ്റി രൂപീകരിക്കുന്നതിന് തൊഴിലുടമ തൊഴിലാളി പ്രതിനിധികളുടെ പാനൽ പരിശോധിച്ചുവരുന്നു.

തൊഴിലാളി ക്ഷേമ പദ്ധതികളുടെ പ്രവർത്തനം

61 (2639) ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പല തൊഴിലാളി ക്ഷേമ പദ്ധതികളും കാര്യക്ഷമമായി നടക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ പരാതി പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്നറിയിക്കുമോ ?

ഉത്തരം

(എ) തൊഴിൽ വകുപ്പിന്റെ കീഴിലുള്ള തൊഴിലാളിക്ഷേമ പദ്ധതികളിൽ കർഷകതൊഴിലാളി ക്ഷേമനിധി പദ്ധതി വേണ്ടത്ര കാര്യക്ഷമമായി നടക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പരാതി പരിഹരിക്കുന്നതിന് താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം വിലയിരുത്തുന്നതിനും, തൊഴിലാളി സംഘടനാ ഭാരവാഹികൾ, ബോർഡ് അംഗങ്ങൾ, ഉദ്യോഗസ്ഥർ എന്നിവരുടെ സംയുക്ത യോഗം നടത്തുകയുണ്ടായി.